PRESIDENT : Order, order. The House will now turn to the next item in the business for the day

DEMANDS FOR GRANTS (contd.)

DEMAND II—LAND REVENUE AND TAXES ON INCOME

Rs. 9,13,550—(contd.)

Motion No. 51.

MR. K. KUNJU PANICKER : സർ, ഗവണ്മെൻറു ആഡിറ്ററിപ്പോർട്ടു സന്ത-ാമത്തെ പേജ് മുതൽ ൈ ൦-ാമതു പേജുവരെ പ്രവത്തികാരന്മാർ, അക്കൌണ്ടന്മാർ മുതലായവർ ചെയ്തിട്ടുള്ള പണാപഹരണക്കേസുകളെ സംബന്ധിച്ചുള്ള ഒരു ലിസ്റ്റാണ് ഇവിടെ കൊടുത്തിട്ടുള്ളതു്. അവരുടെ ഈ മാതിരിയുള്ള അപഹരണത്തെ തുടർന്നു കൊണ്ടുപോകുന്നതിനുള്ള സൗകര്യം എങ്ങനെ ഉണ്ടായി എന്നു എനിക്കു മനസ്സിലാകുന്നില്ല. ഇവർ പണപ്പിരിവുകാരം നടത്തുന്ന അവസരത്തിൽ എങ്ങനെയാണ് ആ കാര്യം നിർവഹിക്കുന്നുവെന്നും, അതിൽ എന്തെങ്കിലും കൃത്രിമങ്ങളും അവർ ചെയ്യുന്നുണ്ടോ എന്നും മറ്റുമുള്ള സംഗതികളെപ്പറ്റി തഹശീൽദാർ പരിശോധിച്ചിട്ടുണ്ടോ എന്നുള്ള കാര്യം സംശയംതന്നെ. ഇവ ഓരോ കേസുകളെ സംബന്ധിച്ചും എങ്ങനെയെല്ലാം തഹശീൽദാർ അന്വേഷണം നടത്തിയിട്ടുണ്ടെന്നും, അതു് എന്തെല്ലാമാണെന്നും, അതിനുള്ള വീഴ്ചക്കാർ ആരെല്ലാമാണെന്നും അതിനു ശരിയായ വിധം നടപടി നടത്തിയിട്ടുണ്ടോ എന്നും മറ്റും അറിയാൻ താല്പര്യമുണ്ട്. ഇതു സംബന്ധിച്ചു് ൧൯൧൭-ലും അതിനു മുമ്പുള്ള വർഷങ്ങളിലും റിപ്പോർട്ടുകാരം ഗവണ്മെൻറിൽ നിന്നും പരസ്യം ചെയ്തിട്ടുണ്ടു്. അതിനു പരിഹാരമായി എന്തെങ്കിലും ശിക്ഷ ഗവണ്മെൻറിൽനിന്നും നടപ്പാക്കിയിട്ടുണ്ടോ എന്നുള്ള കാര്യം അറിഞ്ഞാൽ കൊള്ളാം. ഇവിടെ ഒന്നാമതായിട്ടു എനിക്കു പറയാനുള്ളതു ഇതാണ്.

"Misappropriation of the amounts received as land tax by granting to the taxpayer for the full amount covered by the *tandaper* but crediting only a lesser amount in the accounts and counterfoil and *nalvazhi*"

That is one item. Rs. 160 odd is the amount involved in this.

ഈ വീഴ്ചയ്ക്കായിട്ടു് പ്രവത്തികാരെ ഡിസ്മിസ് ചെയ്തതായിട്ടാണ് കാണുന്നതു്. രണ്ടാമതായി എനിക്കു പറയാനുള്ളതു്.

"Misappropriation of the Sirkar money. The Accountant of a pakuthy. The amount involved is Rs 60 odd."

ഈ തുകയെ സംബന്ധിച്ചു് ഈ ഉദ്യോഗസ്ഥന്റെ പേരിൽ ക്രിമിനൽ നടപടി നടത്തുകയും ഒടുവിൽ ഡിസ്മിസ് ചെയ്കയും ചെ

LIBRARY ARCHIVES Kerala Legislative Assembly

യ്തിരിക്കുന്നു. എന്നാൽ നൂറു രൂപ അപഹരിച്ച ആളിനെ ശിക്ഷിച്ചിരിക്കുന്നതു് വേറൊരു രീതിയിലാണു്. ഈ മാതിരി കുറ്റങ്ങൾക്കുള്ള ശിക്ഷകൾ വിവിധ തരത്തിലാണെന്നുംകൂടെ ഇവിടെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. അതായതു് വലിയ കുറ്റം ചെയ്തിട്ടുള്ളവരെ സസ്പെൻറു ചെയ്യുകയും ചെറിയ കുറ്റക്കാരെ ഡിസ്മിസ് ചെയ്യുകയും മറ്റും ചെയ്യുകയാണു് ചെയ്തിട്ടുള്ളതു്. ഈ മാതിരി വ്യത്യസ്തശിക്ഷകൾ ചെയ്തിട്ടുള്ളതു എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ഈ കായ്ക്കുലകൾക്കായി തഹശീൽദാരോ പേഷ്കാരോ മറ്റോ ഈവക കായ്ക്കുലകളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിരുന്നുവെങ്കിൽ ഈ കറപ്ഷൻ ഉണ്ടാകയില്ലായിരുന്നു. പകുതി ഉദ്യോഗസ്ഥന്മാർ കുടികളിൽ കരംവകയിൽ പണം വാങ്ങുകയും, അവക്കു് അതിനുള്ള രസീതുകൾ കൊടുക്കാതേയും, ഒടുവിൽ കരത്തിനായിട്ടു നടപടിനടത്തി വീണ്ടും ഈടാക്കി എടുക്കുകയും ചെയ്തിട്ടുള്ളതായി എനിക്കറിയാം. ഇനിമേലെങ്കിലും ഈവിധം കുഴപ്പങ്ങൾ ചെയ്യാതിരിക്കത്തക്കവണ്ണം വേണ്ട ഏർപ്പാടു ചെയ്യണമെന്നും ഞാൻ ഗവണ്മെൻറിനോടു് അപേക്ഷിച്ചുകൊള്ളുന്നു. ഈ കായ്ക്കുലകളെ പൂണ്ടിക്കാണിക്കുവാനായിട്ടാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

MR. A. K. KUMARAN VAIDYAN: സർ, പ്രവർത്തികാരന്മാർ മിക്കവരും ഈ മാതിരിയുള്ള കുഴപ്പങ്ങൾ വരുത്തുന്നതു് സർവ്വസാധാരണമാണു്. എന്നാൽ അവരുടെ മേലുദ്യോഗസ്ഥന്മാർ ഈവക കായ്ക്കുലകളിൽ വളരെ വിമുഖതയോടുകൂടിയാണു പ്രവർത്തിക്കുന്നതു്. എന്തെന്നാൽ കായ്ക്കുലകൾ ഗവണ്മെൻറിൽ അറിഞ്ഞാൽ, അവർക്കും പക്ഷേ വല്ല ശിക്ഷയും കിട്ടിയെങ്കിലോ എന്നു വിചാരിച്ചാണു്. സർ, ഏകദേശം ഒരു കൊല്ലത്തിനു മുൻപുവരെ പറവൂർ താലൂക്കിലുള്ള പ്രവർത്തികാരന്മാർ മിക്കവാറും കുഴപ്പങ്ങൾ വരുത്തുന്നവരായിരുന്നു. എന്നാൽ ഇപ്പോഴത്തെ തഹശീൽദാരുടെ ആഗമനത്തോടുകൂടി പാവ്വത്യകാരന്മാരും മറ്റും വളരെ കണിശമായി പെരുമാറുന്നുണ്ടെന്നുവേണം പറയാൻ. സാമർത്ഥ്യമില്ലാത്ത തഹശീൽദാരന്മാരുടെ കീഴിലുള്ളവരാണു് ഇങ്ങനെ പണാപഹരണങ്ങളും മറ്റും ചെയ്യുന്നതു്. വേറെ ഒരു കായ്കും എനിക്കു പറയാനുള്ളതു്, പ്രവർത്തികാരന്മാർ ചിലപ്പോൾ രസീതു കൊടുക്കാതെ കുടികളിൽനിന്നും പണം പിരിക്കുകയും, ഒടുവിൽ ആ സാധുക്കളുടെ വസ്തുലേലത്തിനു വയ്ക്കുകയും ചെയ്യുന്നു. കഴിഞ്ഞകൊല്ലം നൂറു-ൽ ചില്വാനം രൂപം കരംവകയിൽ ഒരു ജന്മിയുടെ പക്കൽനിന്നും പാർവത്യകാരൻ വാങ്ങുകയും, രസീതു കൊടുക്കിതിരിക്കുകയും ചെയ്തു. ഇതു സംബ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Kumaran Vaidyan]

ന്ധിച്ച് ആ ജന്മിയും പാവ്തൃകാരനും തമ്മിലുണ്ടായ വാഗ്വാദത്തിന്റെ ഫലമായിട്ട്, ഒടുവിൽ വെറും നൂറുരൂപയുടെ രസീതു മാത്രമേ, പാവ്തൃകാരനിൽനിന്നും ജന്മിക്ക് കിട്ടിയുള്ളൂ.

PRESIDENT : Will the honourable member please repeat his last sentence?

MR. A. K. KUMARAN VAIDYAN : ഇതുപോലെ വരാപ്പുഴ പകുതിയിൽ ഒരു പാവ്തൃകാരൻ ഉണ്ടായിരുന്നതായി അറിയുന്നു. അവിടെ വന്ന തഹശീൽദാരന്മാരെയെല്ലാം സ്വാധീനപ്പെടുത്തി, പണംപറ്റിച്ചെയ്യുകയാണ് പതിവ്. എന്നാൽ ഇപ്പോഴത്തെ ഉദ്യോഗസ്ഥനായ തഹശീൽദാർ അവിടെ വന്നതോടുകൂടി പാവ്തൃകാരൻ ഒരു നല്ല പാഠം പഠിക്കുകയും അയാളം കുടികളിൽനിന്നും അപഹരിച്ചിട്ടുള്ള പണമെല്ലാം തിരിച്ചുകൊടുക്കയും ചെയ്തു. ഈ സംഗതിയെപ്പറ്റി കോട്ടയം ഡിവിഷൻ പേഷ്കാർ അവർകളോട് അന്വേഷിച്ചാൽ അറിയാം. ഈ വക അഴിമതികളെ പരിഹരിക്കാനായി, സാമർത്ഥ്യവും തന്റേടവും ഉള്ള തഹശീൽദാരന്മാരെ നിയമിച്ച്, ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമത പരിപാലിക്കണമെന്നും മേലാൽ ഈ മാതിരി സംഭവങ്ങളം ഉണ്ടാകരുത് എന്നും അപേക്ഷിച്ചുകൊണ്ട് ഞാൻ ഉപക്ഷേപത്തോട് അനുകൂലിക്കുന്നു.

MR. T. C. KESAVA PILLAI : ഈ ഉപക്ഷേപത്തിന്റെ തത്വത്തിൽ അപ്രകാരമെല്ലാം സംഭവിക്കാൻ ഇടയുണ്ടെങ്കിലും, ഗവണ്മെന്റിൽനിന്നും ഇനിമേലെങ്കിലും, ഇതുകളെപ്പറ്റി ഒരു കർശനമായ നടപടി എടുക്കുകയാണെങ്കിൽ, നിശ്ചയമായിട്ടും ഇതിന് ഒരു ശമനം കിട്ടുമെന്നാണ് എന്റെ വിശ്വാസം. പകുതിക്കച്ചേരിയിലും മറ്റുമുള്ള ഉദ്യോഗക്കാർ ഈമാതിരിയുള്ള കുഴപ്പങ്ങളം വരുത്തുന്നതു് എന്തുകൊണ്ടെന്നാൽ, അവിടെയുള്ള ജീവനക്കാരിൽ ഒരാൾ പുലയനായിരിക്കും, മറെറാരാൾ ഈഴവൻ, ഇനിയൊരാൾ നാടാൻ, ഇങ്ങിനെ വിവിധജാതിക്കാർ—അവർക്ക് പരസ്പരം ആത്മാർത്ഥതകാണുകയില്ല.

MR. C. JEBAMONY NADAR : Sir, On a point of order. நாடான் என்று சொல்லக்கூடாது. தயவுசெய்து நாடார் என்று சொல்லவேண்டும். எனது நிருபித்தர் தயவுசெய்து நாடார் என்று சொல்லவேண்டும்

PRESIDENT : I think it is possible to make a little too much of this. There was an old teacher of mine who strongly objected to our calling an Assistant Professor Mr. Carter because he said he must only be called Carten.

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. KESAVA PILLAI: അവിടെയുള്ള പാവപ്പെട്ടവർ, ഒരു മാസത്തെ അവധിയിൽ പോയെന്നുവരാം. തിരിച്ചുവരുന്ന സമയം, അയാൾ അറിയാതെ കണക്കുകളിൽ വല്ല കുഴപ്പവും വരുത്തിയേക്കാം. ഇവിടെ, മിസ്റ്റർ വൈദ്യൻ പറയുന്നു, അദ്ദേഹത്തിന്റെ താലൂക്കിലുള്ള തഹശീൽദാർ മറ്റുള്ളവരെ അപേക്ഷിച്ച് മിടുക്കനാണെന്ന്; മിസ്റ്റർ പണിക്കർ പറയുന്നു, അവിടെയല്ലാ, തന്റെ താലൂക്കിലാണെന്ന്. എനിക്കു ഇവിടെ പറയാനുള്ളതെന്തെന്നാൽ, ഇങ്ങിനെ അടിസ്ഥാനരഹിതമായ പരാതികളെപ്പറ്റി അന്വേഷിച്ചറിയാതെ, യാതൊരുവിധ നടപടിയും ഗവണ്മെന്റു കൈക്കൊള്ളരുതെന്നാണ്. ഇപ്പോഴത്തെ ലാൻഡ് റവന്യൂ സെക്രട്ടറി മി. കുഞ്ഞൻപിള്ള, ഈവക കാര്യങ്ങളിൽ കണിശം പാലിക്കുന്ന ഒരാൾ ആയതുകൊണ്ട്, കാര്യങ്ങൾ നല്ലതുപോലെ ഗ്രഹിച്ചതിനു ശേഷമേ, അതിന് ഒരു തീരുമാനമുണ്ടാക്കാവൂ എന്നുകൂടി അപേക്ഷിച്ചുകൊള്ളുന്നു.

MR. THAMARAPALLIL KOCHUTHOMMEN (*Tiruvalla*): ഇവർക്കു ശമ്പളം കൂട്ടി കൊടുത്താൽ കൈക്കൂലിക്കു അല്പം ശമനം കിട്ടുകയില്ലേ?

MR. T. C. KESAVA PILLAI: അങ്ങനെ വരാം.

MR. A. K. KUMARAN VAIDYAN: ഈ അടുത്തകാലത്തു ഒരു ജന്മിയുടെ കയ്യിൽനിന്നും നൂറു രൂപ വാങ്ങി രസീതു കൊടുക്കാത്തവിവരം കേട്ടിട്ടില്ലേ?

MR. T. C. KESAVA PILLAI: ഏതു ഗവർണ്മെന്റു തിരുവിതാംകൂറിൽ മരപ്പിച്ചിട്ടുണ്ടെന്നറിയാമോ?

MR THARIATHU KUNJITHOMMEN: ഈ ഉപക്ഷേപത്തിന്റെ തത്വത്തോട് ഞാൻ യോജിക്കുന്നു. പാവപ്പെട്ടകാരും അക്കൗണ്ടന്മാരും മറ്റും രസീതുകൊടുക്കാതെ കരംവാങ്ങിക്കുന്ന പതിവുണ്ടെന്ന് ഇവിടെ പ്രസ്താവിച്ചു. അങ്ങിനെയുള്ള ഒരു പതിവു്, ഇന്നും ഇന്നലേയുമുള്ളതല്ല. വളരെക്കാലമായിട്ടു നടന്നുവരുന്ന ഒരു ഏർപ്പാടാണ്. ഇതിനെപ്പറ്റി പലതവണയും നിയമസഭകളിൽ ബോധിപ്പിച്ചിട്ടുമുണ്ട്. എന്നാൽ ഇങ്ങനെയുള്ള കുഴപ്പങ്ങളേയും അഴിമതികളേയും നിറുത്തിക്കുവാണ്ണം വല്ല നടപടിയും നടത്തുന്നകാര്യത്തിൽ ഗവണ്മെന്റു പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. പക്ഷെ, ആ കൂട്ടത്തിൽ നിരപരാധികളായ ആളുകളും കുണ്ടേക്കാം.

MR. P. S. MUHAMED (*Quilon cum Kottarakra*): അങ്ങിനെ ഗവണ്മെന്റു ഇതിനെപ്പറ്റിഎന്തെങ്കിലും നടപടി എടുത്താൽ അതു നാട്ടുകാർക്കു ക്ഷേമം ഇല്ലാതാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. THARIATHU KUNJITHOMMEN: നാട്ടുഷം ഇല്ലാതായില്ലെങ്കിലും വളരെ ശമനമുണ്ടാകുന്നതാണ്. ഈവക സംഗതികൾക്ക് പോഷകാരുടേയും താഫശീൽദാരുടേയും ദൃഷ്ടികൾ പതിഞ്ഞേതീരു. ഏതെങ്കിലും പാർവത്യകാരനൊ അക്കൌണ്ടന്റൊ കൈക്കൂലി വാങ്ങുന്ന എന്ന മേലുദ്യോഗസ്ഥന്മാർക്ക് ബോദ്ധ്യപ്പെട്ടാൽ, അതായതു്, ആ സ്ഥലവാസികളുടെ അഭിപ്രായമറിഞ്ഞിട്ടു്, അവർ കുറക്കാരാണെന്നു തെളിയുന്നവെങ്കിൽ അവരുടെമേൽ വേണ്ട നടപടി നടത്തേണ്ടതാണ്. എന്തെന്നാൽ സാധുക്കളായ ആളുകളോടാണ് ഇവർ ഒന്നും, രണ്ടും രൂപാവാങ്ങിക്കുന്നതു്. മി. വൈദ്യൻ പറഞ്ഞതു്, ഒരു ജന്മിയുടെ പക്കൽനിന്നും നൂറു രൂപ രസീതു കൊടുക്കാതെ പാർവത്യകാരൻ വാങ്ങിച്ചു എന്നാണു. അതും ശരിയായിരിക്കാം. ഇവർ ഈമാതിരി കുഴപ്പങ്ങൾ കാണിക്കുന്നതു് മിക്കവാറും പുറമ്പോക്കു കേസുകളിലാണ്. അവിടെ വച്ചാണ് സാധുക്കളായ കർഷകരുടെ നേരെ വഞ്ചനം ഉപയോഗിക്കാണിക്കുന്നതു്. ആതിനാൽ ഗവണ്മെൻറിൽ നിന്നും ശമ്പളംവാങ്ങി അനുഭവിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ഈവിധ ഉപദ്രവങ്ങളിൽനിന്നും സാധുക്കളെ രക്ഷിക്കുന്നതിനായിട്ട് ഇനിയെങ്കിലും ഗവണ്മെൻറു ദയാപൂർവം വേണ്ട ഏർപ്പാടു ചെയ്യണമെന്ന് അപേക്ഷിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. C. JEBAMONY NADAR: Sir, இந்தப் பிரேமயத்துடன் நானும் அநுகூலிக்கிறேன். பிரவர்த்திக்காரர்களுக்கிடையில் கைக்கூலி நடப்பாகத்தானிருக்கிறது. இவரில் சிலர் நல்லவர்களாகவுமிருக்கிறார்கள். முக்கியமாக இவர்களுக்குக் கைக்கூலி வாங்கும் 'ஓர் வழி போக்குவரவு நடபடி. இதைச் சுண்டிக் காட்ட நான் கல்குளம் விளவங்கோடு தாலூகாக்களில் போக்குவரவு கேஸுகளைப்பற்றிக் கேட்ட விஞவிற்கு, விளவங்கோடு தாலூகாவில் ஒன்றுபாதிக்குமேல் கேஸுகள் இதுவரையிலும் தீர்மானமாகாமல் இருப்பதாக விடை அளிக்கப்பட்டது. இவற்றில் 8, 10 கேஸுகள்தான் தர்க்கமுள்ளவைகளும் மற்றுள்ளவை யாதொரு தர்க்கமுமில்லாதவைகளுமாம்.

Sir, அங்குள்ள ஜனங்கள் மிக ஏழைகள். எழுதப் படிக்கத் தெரியாதவர்கள். இப்படிப்பட்டவர்கள் தாங்கள் வாங்கும் வஸ்துக்களுக்குப் பேர் மாற்றம் செய்ய ஆத்திரமுடையவர்கள். ஆனால் பிரவர்த்திக்காரர்கள் இவர்கள் விபரமில்லாதவர்கள் என்பதையும் இவர்கள் ஆத்திரக்காரர்கள் என்பதையும் நன்றாக அறிந்து கொஞ்ச நாள் தாமசப்படுத்தினால் பணம் கிடைக்கும் என്നു എണ്ണി പോക്കുവരവു ചെയ്തു കൊടുക്കാമൽ താമസപ്പെടുത്തുവാർകൾ. இதுவுமன்றி சில சமயங்களில் அனுவசியமான தொந்தரவுகளும் உண்டாக்கிவிட்டு, ஏழைஜனங்களுக்குப் பயத்தை உற்பத்தியாக்கி, அதிகப்பணம் வசூல் செய்ய வகை தேடுகிறார்கள். போக்குவரவு பாரமோ அபேக്ഷയോ வന്താൽ അവകളുക്കു ഇവ്വളവു നാൾ

LIBRARY ARCHIVES Kerala Legislative Assembly

களுக்குள் 'எ' பாரம் தயார் செய்துகொடுக்கவேண்டுமென்று சட்டமிட வேண்டும். பிரவர்த்திக்காரர்கள் அதன்படி நடக்காமலிருந்தால் அவர்கள் மேல் கடினமான நடபடி நடத்தவேண்டும். இங்ஙனம் செய்தால் பணப் பேய் பிடித்து அலையும் இந்த உத்தியோகஸ்தர்கள் சீர்திருந்தக் கூடும் என்று நான் நினைக்கிறேன். அதனல் இனிமேலாவது டோக்கு வரவுகே ஸுகள் எவ்வளவு பரிதத்தில் தீர்மானமாக்கலாமோ அவ்வளவு தரித்தத் தில் தீர்மானமாக்கும்படியாக ஏற்பாடுகள் செய்யவேண்டுமென கேட்டுக் கொள்கிறேன். நான் முன்கூறின போல அந்தப்பக்கத்திலுள்ள ஜனங் களில் மிக ஏழைகள். இந்த ஏழைஜனங்கள் தாம் கொடுக்கவேண்டிய கரத் தை கொடுக்க முடியாத நிலைமையிலிருக்கிறார்கள். அவர்கள் கஷ்டத்து டன் காரியதக் டகாடுத்தாலும் பிரவர்த்திக்காரர்கள் வரவு வைக்காம லும் இருந்துவிடுவதுண்டு. இதுவுன்றி எழுதப் படிக்கத் தெரியாத வர்களிடமிருந்து வாங்கும் காரியதாகை முழுவதற்கும் ரசீது பதித்துக் கொடாமல் அதில் ஒரு பாகத்திற்கு மாத்திரம் ரஸீது கொடுக்கும் பிரவர் த்திக்காரர்களுமுண்டு. ரஸீதில் எவ்வளவு தொகை பதிவு செய்திருக்கி றது என்பதை வாசித்தறிய திறமையில்லாத ஏழைஜனங்கள் தாம் அடை க்கவேண்டிய தொகை முழுவதற்கும் ரஸீது கிடைத்ததாக நினைத்துக் கொள்வார்கள். ஆனலோ அப்படியல்ல. அந்த ஏழை மனிதர்கள் தாம் செலுத்தவேண்டிய முழுவரியையும் செலுத்தினபோதிலும் அவர்கள் பேரில் முடக்கமுள்ளதாகவே சர்க்கார் ரிக்கார்டுகளில் காணப்படும். ஆகவே காம் பாக்கியிருக்கிறதாக இந்த ஏழைகளுக்கு டிமாண்டு நோட் டீஸ் அனுப்பப்பட்டு, அவர்கள் திரும்பவும் காம் டகாடுக்கவேண்டியதாகி றது. இது கஷ்டத்திலும் கஷ்டமேயாகும்.

இது நிற்க, டிமாண்டு நோட்டீஸுகள் என்ற பேரில் பிரவர்த்திக்கா ரர்கள் பல நியாயக்கேடுகளும் நடத்திவருகிறார்கள் என்று தைரியமாய் சொல்லவேண்டியதாயிருக்கிறது. இதை சர்க்கார் கவனத்திற்குக் கொ ண்டுவரும்படியாக நான் ஒரு கேள்வி கேட்டேன். அதற்கு மறுபடியாக டிமாண்டு நோட்டீஸுகளில் தாசில்தார் ஒப்பிட்டவுடனே காலு சக்கரம் கஷியுடைய பேரில் பற்று எழுதுகிறதாகவும் ஆனல் டிமாண்டு நோட்டீஸ் நடத்தப்படாமல் திரும்பி வந்தால் நோட்டீஸ்படி காலு சக்கரமும் மறுப டியும் குறைக்கப்படும் என்று சொல்லப்பட்டது. ஆனல் இப்படிச் செய் யலில்லை என்றே என் நம்பிக்கை. எப்படியானலும் அந்தத் தொகை பட்ட யக்காரன் கொடுத்துவிட வேண்டியதாகி விடுகிறது. இந்தப் பணம் யா ருக்குப் போகிறது? பகுதிக்காரருக்கென்றே நான் நம்புகிறேன். இதை த்தெளிவாக்க, டிமாண்டு நோட்டீஸ் நடத்தவில்லை என்றுள்ள காரணத் தால் சிலவு எழுதின நோட்டீஸ் படியைத் திரும்ப வரவு வைத்திருக்கப் பட்டிருக்கிறதா என்று சர்க்கார் பரிசோதிக்கவேண்டுமென்று வற்புறுத் துகிறேன். அப்படிச் செய்தால் ஒவ்வொரு பிரவர்த்திக்காரனும் எவ்வள வு பணத்தை அபகரித்திருக்கிறான் என்று தெரியவரும். டிமாண்டு நோட் டீஸுக்கென்று பணம் வாங்கி கவர்ண்மென்றுக்குக் கொடுக்காமல் தங்க ளுக்கே எடுத்துக்கொள்ளும் பகுதி உத்தியோகஸ்தர்களுமுண்டு. டிமா ண்டு நோட்டீஸைப் பற்றியுள்ள நடவடிக்கைகளைச் சரிப்படுத்தினல், அது கைக்கூலியைக் குறைக்குமென்றே நான் நினைக்கிறேன். தாஸில்தார்கள் டிமாண்டு நோட்டீஸ்களில் ஒப்பிடுவதற்குமுன் நோட்டீஸ்படி சிலவு எழு தியிருக்கிற பகுதிக் கச்சேரிகள் உண்டா என்று விஜாரணை நடத்தினல்

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. Jebamony Nadar.]

பொதுஜனங்களாடு வெளியூ உத்தியோகஸ்தர்கள் காட்டும் அதிகி வெளிவாய்விடும். ஜெமாபந்தி பரிசாதனையில் இவ்விஷயத்தில் தக்க வனம் செலுத்தப்படும் என்று நம்புகிறேன். இன்னும் பகுதி சூலிக்காரர் செய்யும் ஓர் அக்கிரமமும் இங்கு பிரஸ்தாபிக்கவேண்டியிருக்கிறது. அதாவது பொதுஜனங்களுக்கு உபயோகமான புறம்போக்குகளில் பிரவர்த்திக்காரர்களுடைய பிள்துணையாலும், மனப்பூர்வமான விப்சிதனினாலும், சிலர் பிரவேசிக்கிறார்கள். முக்கியமாக குளங்களிலும், அவைகளின் கரைகளிலும் இந்தமாதிரி நடந்துவருகிறது. கடியப்பட்டணம் பகுதியில் இதுபோன்ற ஒரு பராதி எனக்குக் கிடைத்ததை தாலில்தாருக்கு அனுப்பியிருக்கிறேன். எவ்விதம் அங்கு தீர்மானமாகிறது என்று அறிந்த பின்னர் சர்க்காருக்குத் தெரியப்படுத்தவேண்டுமென்றே இருக்கிறேன். கஷ்டிகளைக் கண்டு டிமான்டு நோட்டீஸுகள் நடத்தாமலும், கஷ்டிகளுக்கு அறிவு கொடுக்காமலும் வஸ்துக்களை சில சமயங்களில் ஏலம் செய்துவிடுகிறார்கள். இதையும் தடுக்கவேண்டும். வஸ்து சுகவசக்காரனுக்கு நோட்டீஸ் கொடுக்காமல் முன்கால தண்டப்பேர்காரர் பேரில் நோட்டீஸ் நடத்துவதால் வஸ்து உடமஸ்தருக்கு அறிவில்லாமல் ஏலங்கள் நடத்தும் ஒரு நப்பான நடவடிக்கை சகஜமாகக் காணப்படுகிறது. ஒரு வஸ்து ஒற்றியிலிருக்குமானல் ஒற்றிக்காரன் கரம் தீர்த்து வருகிறது வழக்கம். ஒற்றிக்காரன் ஒழுங்காகக் கரம் தீர்த்துவந்தாலும் ஜன்மியுடைய மற்ற வஸ்துக்களுக்குக் காமுடக்கம் வந்தால், காமுடக்கமுள்ள வஸ்துவை லேலத்தில் விற்காமல் சரிவர கரம் கொடுத்துவரும் ஒற்றிக்காரன் கைவசமிருக்கும் வஸ்துக்களை லேலம் செய்வது அநியாயமானது. ஆகையால் போக்குவரவு நடபடிகளையும், டிமான்டு நோட்டீஸ் நடவடிகளையும் சரியாய் நடத்த ஏற்பாடுகள் செய்தால் வெளியூ டிபார்ட்மெண்டில் கைக்கூலி குறைந்துவிடுமென்று நான் நம்புகிறேன்.

SADASYATILAKA T. K. VELU PILLAI: Sir, this question of the corruption of the pakuthi staff is a very old one in Travancore and that has come very many times before this Assembly in the old Council and perhaps in the Sri Chitra Council. The presumption on which we should act is that an officer is innocent until the contrary is proved. In the very nature of the subject, proof is difficult. I do not believe that people who come and say that there is corruption are not actuated by good faith. We come here and say that certain officers are corrupt and that is done in good faith. But Sir, from experience, Government as well as ourselves have been able to understand that there is corruption in the Land Revenue Department as in other Departments. Government are occasionally finding it necessary to dismiss officers—even superior officers. Therefore I do not think that Government will say that there is no corruption in the service. But the question is how are we to combat this corruption, this old institution of corruption. My reasons are different from what my honourable friend Mr. Jebamony Nadar has pointed out. It does not mean that I do not understand the soundness of his reasoning. But there are other more important reasons. The low-pay of the officers is one of them. In the Revenue

LIBRARY ARCHIVES Kerala Legislative Assembly

Department the difficulty is that the unfortunate Proverthicar still believes that he has the same position as before. He does not realise that the position and status of the Proverthicar in former days has has been diminished by the Legislature during recent years. In olden days Proverthicars were men of position in the community belonging to respectable families able more or less to live upon their own private incomes. In olden days they were living a life of affluence. Now their incomes have been reduced and their position has gone very low. The time honoured sources of making money are no more. Cases in which they could recommend the registry of puduval lands are very few.

MR. PUTHUPALLI S. KRISHNA PILLAI: May I know the extent to which the pay of the Proverthicar was reduced in recent years?

SADASYATILAKA T. K. VELU PILLAI: There were times in which the Village Panchayat Court Judges and others were living in affluent circumstances. People have learnt to live in comfort.

MR. PUTHUPALLI S. KRISHNA PILLAI: My question is whether the Proverthicar's pay has been reduced. I heard the honourable member say that the pay of the Proverthicar has recently been reduced. I was asking to what extent the reduction has been effected.

SADASYATILAKA T. K. VELU PILLAI: I did not say that their pay has been reduced. I only said that their position has been reduced. People want more comforts now, good food, good cloth and even motor service. Therefore the Proverthicars also think of their old ancestry and try to live as other people. But they are divested of their powers. Their pay is what it was. Until their pay is raised they will continue to think that they still have the old position and status and go afield for more income. I am not for having a general increase in the pay of all the proverticars. It would be difficult. There are 400 odd pakuthies. My suggestion is that the Government will be pleased to consider whether the position of the Proverthicar who is entrusted with very important duties is adequate, whether any law or rule with regard to the exercise of the powers of the Proverthicar should be changed, whether the rule with regard to the appointments of Proverthicars should be modified, and whether the staff should be selected from different classes of people. Having done that, I am honestly of the opinion that chances for the appointment of proverthicars should be given to the several communities. But you cannot afford to pay Rs. 30 and Rs. 40 to each of these 400 Proverthicars. What is the meaning of having so many proverthicars. There are ever so many small pakuthies. If an officer in British India can do as much work for an equal or a slightly higher pay, why not we combine 2 or 3 pakuthies together especially in places where the Proverthicars have not got much work to do.? If that is done it will be possible to select good people for such posts. It is character that we want. Honesty will depend upon character and character will again depend upon the means of one's livelihood. Until reforms in these lines are effected the same complaints will be repeated. I have very often considered this question. It has come before the Legislature very many times, So I request that the suggestions put forward by me may be very seriously

LIBRARY ARCHIVES Kerala Legislative Assembly

[Sadsyatilaka T. K. Velu Pillai]

considered by Government. With these words, I have great pleasure to support the motion.

MR. N. VELU ACHARI : സർ, ഖണ്ഡനോപക്ഷേപത്തെ സംബന്ധിച്ച് രണ്ടു വാക്കു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഈ ഉപക്ഷേപത്തിൽ തഹശീൽദാരന്മാരുടെ പ്രവർത്തികൾ ശരിയല്ല, അവർ കീഴ് സ്ഥർബന്ധികളുടെ പ്രവൃത്തികളെ ശരിയായി പരിശോധിക്കുന്നില്ല, ഈ ഡിപ്പാർട്ടുമെൻറിൽ കറപ്ഷനുണ്ട് എന്നും മറ്റും പറഞ്ഞുകാണുന്നു. എന്റെ അഭിപ്രായം പറയുകയാണെങ്കിൽ തഹശീൽദാരന്മാരിൽതന്നെ ഈവക കുറഞ്ഞാണം കാണുന്നുണ്ടെന്നാണ്. അതു ഒരു ചെറിയ അനുഭവംകൊണ്ടു എനിക്കുതന്നെ അറിയാവുന്ന ഒരു സംഗതിയാണ്. അവരിൽ നിക്ഷിപ്തമായിരിക്കുന്ന ജോലി വാസ്തവത്തിൽ ശ്രമകരമായ ഒന്നാണെന്നു എനിക്കു അറിയാം. എങ്കിലും അവർ ന്യായമായി ചെയ്യേണ്ട ജോലി അതാതു കാലങ്ങളിൽ ചെയ്യുന്നില്ലെന്നാണ് എന്റെ പരാതി. അങ്ങനെ ഞാൻ പറഞ്ഞതിനു കാരണം ഈയിടെ ഞാൻ ഒരു ചെറിയ ഇൻഡസ്ട്രിയൽ ലോണിനപേക്ഷിച്ചു. ആ അപേക്ഷ ഗവണ്മെൻറിൽ കിട്ടിയ ഉടനെ വസ്തു വില നിശ്ചയിച്ചയക്കുന്നതിനായി തഹശീൽദാർക്ക് അയച്ചുകൊടുത്തു. തഹശീൽദാരുടെ ആഫീസും എന്റെ അപേക്ഷയിൽ പറയുന്ന വസ്തുവും തിരുവനന്തപുരം പട്ടണത്തിൽതന്നെയാണ്. എന്നാലും അതിന്റെ വില നിശ്ചയിച്ചു തിരിയെ ഗവണ്മെൻറിലേക്ക് അയക്കുവാൻ ഒരു വർഷം വേണ്ടിവന്നു. ഇക്കാര്യത്തിൽ ഒരു വർഷം സമയമെടുക്കത്തക്കവണ്ണം യാതൊരു കാര്യവുമില്ല. വല്ല കൈക്കൂലിയും കിട്ടുമെന്നുള്ള ആശയോടുകൂടിയാണോ അവർ ഇതുയും താമസിപ്പിച്ചതു് എന്നാണ് ഞാൻ സംശയിക്കുന്നതു. ഇവർ നിശ്ചയിക്കുന്ന വസ്തു വിലയുടെ തോതനുസരിച്ചു മാത്രമെ ലോൺ കിട്ടാൻ സാധിക്കു. ചിലപ്പോൾ അവരുടെ പ്രീതിസമ്പാദിച്ചില്ലെങ്കിൽ അവർ കണ്ണുമടച്ചു മുൻറിക്കാർഡുകൾപോലും നോക്കാതെ വല്ലതുമെഴുതി അയച്ചെന്നും വരാം. ഇതെല്ലാം നാട്ടുകാരുടെ വിധിയെന്നു വിചാരിച്ചു സമാധാനപ്പെട്ടു കൊള്ളണം. ഏതായാലും ഇങ്ങനെയുള്ള പ്രവൃത്തികൾകൊണ്ടു നാട്ടിലെ ജനങ്ങൾ വളരെ സങ്കടപ്പെടുമെന്നുള്ളതിനാൽ ഗവണ്മെൻറ് ഇക്കാര്യത്തിൽ ഇടപെട്ട് ഇപ്രകാരമുള്ള വീഴ്ചകൾ മേലാലെങ്കിലും ഉണ്ടാകാതിരിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്ന് അപേക്ഷിക്കുന്നു. അതിലേക്ക് ഗവണ്മെൻറിൽനിന്നും ഇന്ന ഇന്ന ഉദ്യോഗസ്ഥന്മാർ ഇന്ന ഇന്ന ജോലികൾ ഇത്ര ഇത്ര സമയംകൊണ്ടു തീർക്കണം എന്നുള്ള ഒരു നിർദ്ദേശം പുറപ്പെടുവിച്ചാൽ ഈവക നിരാശകൾക്ക് മേലാൽ ഇടയാവുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. KUNJAN PILLAI : ഇൻഡസ്ട്രിയൽ ലോണിനുള്ള അപേക്ഷ ഇരുയും കാലം താമസിച്ചതിനെപ്പറ്റി മെംബർ പേഷ്കാരോടൊ മറ്റ അധികാരികളോടൊ പരാതിപ്പെട്ടിട്ടുണ്ടോ?

MR. N. VELU ACHARI: ഇങ്ങനെ ലോൺ അപേക്ഷിച്ചതിനുശേഷം താമസിച്ചതിനെക്കുറിച്ച് ഗവണ്മെൻറിനെ അറിയിച്ചു. ഗവണ്മെൻറ തന്നെ അതിനുവേണ്ട നിർദ്ദേശങ്ങളും കൊടുക്കുകയോമറ്റൊ ചെയ്തു വേഗം വരുത്തിയതായി എനിക്കറിവുണ്ട്.

ഇതോടുകൂടി കരംപിരിക്കുന്ന സംപ്രദായത്തിൽ ഡിമാൻറനോട്ടീസ്കൊടുക്കുക പതിവില്ല. തീരെ ഇല്ലെന്നു പറയുന്നില്ല. അഡ്രസ് ശരിയായി അറിയാവുന്ന ആളുകൾക്കുപോലും ഡിമാൻറനോട്ടീസ് ശരിയായി കിട്ടുന്നില്ല. കരം ഈടാക്കേണ്ട ദിവസം തെറ്റിയാൽ അതിനെ സംബന്ധിച്ച് ഡിമാൻറനോട്ടീസു കൊടുക്കുകയാണെങ്കിൽ എന്നെ സംബന്ധിച്ചു പറയുന്ന പക്ഷം ഞാൻ ആഫീസിലില്ലാതിരുന്നാൽതന്നെയും ആഫീസിലുള്ളവർ കരം എത്തിച്ചുകൊടുക്കുമെന്നുള്ളതാണ്. മുമ്പെല്ലാം കരംപിരിക്കുന്ന ആളുകൾ ഖജനാവിൽ പോകുന്ന അവസരത്തിൽ എൻെറ ആഫീസിൽ കയറി പണം വാങ്ങിക്കൊണ്ടു പോകുന്ന പതിവുണ്ടായിരുന്നു. അതു് ഇപ്പോൾ ചെയ്യുന്നില്ല. ഗവണ്മെൻറ് മൻപു് കാണിച്ചിട്ടുള്ള ദയാശീലം ഇപ്പോൾ കുറഞ്ഞു കാണുന്നു എന്നുള്ള ഒരവസ്ഥ ഞാൻ മൂണ്ടിക്കാണിക്കുകയാണു്.

നെടുമങ്ങാട്താലൂക്കിൽ ഇതിനു മുൻപു് ഇരുന്ന ഒരു തഹശീൽദാരെപ്പറ്റി എനിക്കു രണ്ടു വാക്കു പറയുവാനുണ്ടു്. അവിടത്തെ ഒരു ഗ്രാമസ്ഥനു് കുറെവസ്തുക്കളുണ്ടായിരുന്നു. അതു വേറൊരാൾക്കു കൊടുക്കുന്നതിനുവേണ്ടി കരക്കുടിശിഖക്കു് ഡിമാൻറനോട്ടീസു് അയക്കാതെതന്നെ വസ്തു ലേലംചെയ്തു എന്നു കേട്ടു. സാധാരണയായി ഡിമാൻറനോട്ടീസു കൊടുത്തു എന്നു കണക്കിൽ കാണുന്നതല്ലാതെ അപ്രകാരം സാധാരണ പതിവില്ല. ഇതിനു ഒരു പരിഹാരമുണ്ടാക്കിയാൽ അതു നാട്ടിലെ ജനങ്ങൾക്കു വളരെ ആശ്വാസപ്രദമായിരിക്കും. ഈ വിഷയത്തിൽ പ്രവർത്തികാരന്മാരും അക്കൗണ്ടന്മാരും മാത്രമല്ല തഹശീൽദാരന്മാരും കുറക്കാരാണു്. ഞാൻ ഈ പ്രമേയത്തിൻെറ തത്വത്തോടനുകൂലിക്കുകയും അതോടുകൂടിതന്നെ ഈ ബണ്ഡനോപക്ഷേപം അവതരിപ്പിച്ച മെംബറോടു് അതു പ്രസ് ചെയ്യാതെ പിൻവലിക്കണമെന്നപേക്ഷിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. THAMARAPALLIL KOCHUTHOMMEN : സർ, പകുതിഉദ്യോഗസ്ഥന്മാരുടെ അഴിമതികളെ സംബന്ധിച്ച് പല മെമ്പറന്മാരും പ്രസ്താവിക്കുകയുണ്ടായി. ഇതിനു മുമ്പു പല പ്രസ്താവനകളും ഉണ്ടായിട്ടുണ്ട്. ഇപ്പോഴത്തെ പകുതിഉദ്യോഗസ്ഥന്മാർക്ക് ജോലികഠം വർദ്ധിച്ചുവരികയാണു ചെയ്യുന്നത്. മനുഷ്യരുടെ ഇടയിലുള്ള ക്ഷാമംകൊണ്ടും ശ്രമിക്കുന്നവർ കുടിവരുന്നതുകൊണ്ടും കുടിയാനവന്മാർ കരക്കുടിശിഖ വരുത്തുന്നതുകൊണ്ടും കൂടുതൽ ജോലികഠം ഈ ഉദ്യോഗസ്ഥന്മാർക്കു ഉണ്ടായിക്കൊണ്ടിരിക്കുന്നു. കരം പിരിക്കുന്നതുതന്നെ വളരെ വിഷമമേറിയ ഒരു സംഗതിയാണ്. അതിനും പുറമേ ആ പകുതിയിൽ എന്തെല്ലാം ആവശ്യങ്ങളുണ്ടോ അതെല്ലാം പ്രവർത്തികാരന്മാർ ശ്രദ്ധിക്കേണ്ടതായിരിക്കുന്നു. കൂടാതെ അഗ്രികഠം ചുറൽ ലോൺ, ക്രെഡിറ്റുലോൺ, ഇൻഡസ്ട്രിയൽ ലോൺ ഇവയ്ക്കുള്ള അപേക്ഷകഠം എല്ലാം അനേഷിച്ച് അവക്ക് റിപ്പോർട്ടു ചെയ്യണം. ഒരു വസ്തുതക്കും വരികയാണെങ്കിൽ അതും അവർ അനേഷിക്കേണ്ടതായിട്ടുതന്നെ ഇരിക്കുന്നു. ഈ പകുതിഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവർ സാധാരണജനങ്ങളുമായി സദാ പെരുമാറുന്നതുകൊണ്ടും അവരുടെ ഉദ്ദിഷ്ടകാര്യങ്ങഠം പെട്ടെന്നു സാധിക്കാത്തതുകൊണ്ടും പലവിധത്തിലുള്ള വിരോധം അവർക്കു സമ്പാദിക്കുവാൻ എളുപ്പമാണ്. എന്നാൽ കറപ്ഷൻ നിറുത്തേണ്ടതു അത്യാവശ്യമാണ്.

MR. K. KUNJU PANICKER : പകുതിഉദ്യോഗസ്ഥന്മാരുടെ വീഴ്ചകളെ സംബന്ധിച്ച് യഥാർത്ഥമായ കാര്യങ്ങളുണ്ടെന്നു മെമ്പർ പറഞ്ഞുവല്ലോ. അങ്ങനെയിരിക്കുമ്പോഠം ഇവരെസംബന്ധിച്ച് തെറ്റിദ്ധാരണയുള്ളതുകൊണ്ട് ഇങ്ങിനെ പറയുന്നതാണെന്നു വാദിക്കുന്നതിന്റെ അർത്ഥമെന്താണ്?

MR. THAMARAPALLIL KOCHUTHOMMEN : ഞാൻ സംഗതികഠം വെളിപ്പെടുത്തുന്നു എന്നുമാത്രമേയുള്ളു. ചിലപകുതിഉദ്യോഗസ്ഥന്മാർ പത്തുരൂപ കരം വാങ്ങിച്ചുകൊണ്ട് കക്ഷിക്കു കൊടുക്കുന്ന രസീതിൽ പത്തുരൂപ എന്നു കാണിക്കുകയും ആഫീസിൽ സൂക്ഷിക്കുന്ന ബുക്കിൽ രണ്ടുരൂപ വരവുവയ്ക്കുകയും ചെയ്യുന്നു. പോക്കുവരവു കാര്യങ്ങളിലും പ്രവർത്തികാരന്മാർ കൈക്കൂലി വാങ്ങുന്നുണ്ട്. ശ്രീമതി സാധുക്കളിൽനിന്നും ചിലർ കരം വാങ്ങിച്ചു രസീതു കൊടുക്കാതെയും അഥവാ രസീതു കൊടുക്കുകയാണെങ്കിൽ വാങ്ങിച്ച തുകയുടെ മുഴുവനും രസീതുകൊടുക്കാതെയും ഇരിക്കുന്നതായി എനിക്കറിയാം. അങ്ങനെയുള്ള അഴിമതികളെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

അനേപക്ഷിച്ച് വേണ്ട പരിഹാരമുണ്ടാക്കേണ്ടതു് അത്യാവശ്യമാണു്. പ കുതിഉദ്യോഗസ്ഥന്മാരുടെ സ്റ്റാറസ്സ് കൂട്ടുകയും അവർക്കു ശമ്പളക്കൂട തൽ കൊടുക്കുകയും ചെയ്യണം. എന്നാൽ കൈക്കൂലിക്കു് സാരമായ ഒരു കുറവുണ്ടാകുമെന്നാണു് എന്റെ വിശ്വാസം. ലോൺസംബന്ധമാ യും മാറും പകുതിഉദ്യോഗസ്ഥന്മാർ രണ്ടോ നാലോ രൂപ വാങ്ങുന്നതു സമ്മാനമായി കണക്കാക്കാവുന്നതാണു്. എന്നാൽ കരം പിരിക്കുന്ന വിഷയത്തിൽ കള്ളം കാണിക്കുന്നതു ശരിയല്ല.

MR. A. K. KUMARAN VAIDYAN : ലോൺവിഷയത്തിൽ പകുതിഉദ്യോ ഗസ്ഥന്മാർ കൈക്കൂലി വാങ്ങിച്ചാൽ ശിക്ഷിക്കേണ്ടാ എന്നാണോ മെ മ്പർ പറയുന്നതു്?

MR. THAMARAPALLIL KOCHUTHOMMEN : സൗജന്യമായി വാങ്ങുന്ന ഉ ദ്യോഗസ്ഥന്മാരെ ശിക്ഷിക്കേണ്ടാ എന്നാണു് ഞാൻ പറഞ്ഞതിന്റെ അർത്ഥം.

MR. K. P. KOCHUKORATHARAKAN : പകുതിഉദ്യോഗസ്ഥന്മാർ ഇപ്രകാ രം കക്ഷികൾക്കു് കുറവായ തുക വച്ചു് രസീതു കൊടുക്കുന്ന വിവരം മേ ലധികാരികളെ അറിയിച്ചതിനുശേഷം കുറക്കാതെ ശിക്ഷിക്കാതിരുന്ന തായ വല്ല സംഭവവും പറയാമോ?

MR. THAMARAPALLIL KOCHUTHOMMEN: ശിക്ഷിച്ചിട്ടുണ്ടെന്നാണു് എ ന്റെ അറിവു്.

പകുതിഉദ്യോഗസ്ഥന്മാരുടെ അഴിമതികളെ സംബന്ധിച്ചു പറയു കയാണെങ്കിൽ അതിനു പരിഹാരമായി ശമ്പളക്കൂട്ടുതൽ കൊടുക്കണമെ ന്നാണു് എന്റെ അപേക്ഷ.

MR. P. S. MUHAMED : സർ, ഈ ഉപക്ഷേപത്തെ പിൻനിറുത്തി രണ്ടു വാക്കു് പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. പകുതിക്കുറിയി ലെ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചും കരംപിരിവിനെ സംബന്ധി ച്ചും ഉള്ള പരാതി ഇന്നും ഇന്നലെയും തുടങ്ങിയതല്ല. അതു പഴകിയ ഒരു പരാതിയാണു്. അതിനു പരിഹാരമുണ്ടാക്കുക എന്നുള്ളതു് കുറെ വിഷമമേറിയ ഒരു സംഗതിയാണു്. കരം കൊടുക്കേണ്ട ഭൂമതല വസ്തു ഉടമസ്ഥന്മാരുടേതാണു്. കരം വന്നു വാങ്ങുന്ന ആളുകൾ രസീതു കൊ ടുക്കാതെ മറ്റു വിധത്തിൽ പണം അപഹരിക്കുന്നു എന്നു പരാതിപ്പെടു മ്പോൾ ഗവണ്മെന്റിനു ചെയ്യാവുന്നതു് രസീതില്ലാതെ ആരും പണം കൊടുക്കരുതു് എന്നുള്ള നിർബന്ധം വരുത്തുകയോ അല്ലാതെ പ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhamed.]

ക്ഷം പകുതിഉദ്യോഗസ്ഥന്മാർ കരം വീടുകളിൽചെന്ന് വാങ്ങേണ്ട ആവശ്യമില്ലെന്നും വസ്തു അനുഭവിക്കുവാൻ അനുഗ്രഹിക്കുന്നവർതന്നെ കരത്തിന്റെ സംഖ്യ താലൂക്കിൽകൊണ്ട് ഒടുക്കണമെന്നു നിർബന്ധം വരുത്തുകയോ അതുകൊണ്ട്. ഇങ്ങനെ ചില നിർദ്ദേശങ്ങൾ ഈ പരാതികളെ ആശ്രയിച്ചു ഉണ്ടായിട്ടുമുണ്ട്. എന്നാൽ അതു പ്രയോഗത്തിൽ വരുമ്പോൾ ജനങ്ങൾക്കുതന്നെ വീണ്ടും വിഷമങ്ങളുണ്ടാകും. പിരിവു നടത്തുന്നതിനു ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാർ പിരിവു തുക ശരിപ്പെടുത്തുന്നതിനുവേണ്ടി താഴ്ന്ന ഉദ്യോഗസ്ഥന്മാരെ നിർബന്ധിച്ചു പണം പിരിച്ചുകൊണ്ടുവരുന്നതിന്, വസ്തുഉടമസ്ഥന്മാരെ സമീപിക്കുന്നതിനു നിയോഗിച്ചയയ്ക്കുന്നതിന് നിർബന്ധിതരാവുകയും ചെയ്യും. ഡിമാൻറുനോട്ടീസ് കൊടുക്കുന്നതു ശരിപ്പെടുത്തിനുതന്നെയും ഫ 0 0-ൽ ൻ 0 ശതമാനവും വസ്തു ലേലത്തിൽപോയതിനുശേഷമേ പണം ഈടാക്കാൻ സാധിക്കുകയുള്ളൂ. ഇന്നു നടക്കുന്ന സമ്പ്രദായമനുസരിച്ചു നോക്കിയാൽ സമയത്തു് പണം അടയ്ക്കണമെങ്കിൽ പകുതിഉദ്യോഗസ്ഥന്മാർ വസ്തുഉടമസ്ഥന്മാരെ സമീപിക്കേണ്ടിയിരിക്കുന്നു. ലേലത്തിൽപോയാലും ഗതി ഇതുതന്നെയാണ്. അപ്രകാരം ചെയ്യുന്ന അവസരത്തിൽ വസ്തുഉടമസ്ഥന്മാർ ഇവർക്കു ചില സൗകര്യങ്ങളും ചെയ്യുന്നതിനു നിർബന്ധിതരായിത്തീരുകയും ചെയ്യും. ഈ ദുഷ്പ്രവൃത്തി ഉണ്ടാകുന്നതിനു ഒരു പ്രതിവിധി മാത്രമേ ഞാൻ കാണുന്നുള്ളൂ. കരം പിരിക്കാൻ പോകുന്ന ഉദ്യോഗസ്ഥന്മാർ രസീതുകൊടുത്തു മാത്രമേ പണം സ്വീകരിക്കാവൂ എന്നുള്ള നിർബന്ധംവച്ചാൽ അതിനു പരിഹാരമുണ്ടാകും എന്നുള്ളതാണു എന്റെ അഭിപ്രായം. അപ്രകാരമുള്ള രീതി നടപ്പിൽവന്നതിനുശേഷവും പകുതിഉദ്യോഗസ്ഥന്മാർ കൈക്കൂലിക്കാരാണെന്നുള്ള പരാതിയുണ്ടെങ്കിൽ അതു ശ്രദ്ധിക്കേണ്ട ആവശ്യമില്ല. താലൂക്കുകച്ചേരിയിൽ കരം കൊണ്ടുകൊടുക്കണമെന്നാണ് ഇന്നത്തെ നിർദ്ദേശം. എന്നാൽ പണം വളരെ വേഗത്തിൽ വസൂൽചെയ്യുന്നതിനുവേണ്ടി അവർ വസ്തുഉടമസ്ഥന്മാരേയും സമീപിക്കാറുണ്ട്. ഡിമാൻറുനോട്ടീസിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ആ നോട്ടീസ കീട്ടാത്ത രീതിയിലും അതിനുള്ള ഫീസു നാലു ചക്രം ഈ ഉദ്യോഗസ്ഥന്മാർ എടുക്കുകയും ചെയ്യുന്നതു് ഒരു പതിവാണ്. മിക്കവാറും ലേലം തീർന്നതിനുശേഷമാണ് ഡിമാൻറുനോട്ടീസു കിട്ടാറുള്ളതു്. ഈ പറയുന്ന എനിക്കുതന്നെയും ചിലപ്പോൾ ഈ അനുഭവം ഉണ്ടായിട്ടുണ്ട്. പകുതിഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചുള്ള പരാതി ഇല്ലാതാകണമെങ്കിൽ രസീതുകൊ

LIBRARY ARCHIVES Kerala Legislative Assembly

ട്ടുത്തതിനുശേഷം മാത്രമേ വസ്തുഉടമസ്ഥന്മാർ പണം കൊടുക്കാവൂ എന്നുള്ള നില വരുത്തണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. K. P. KOCHUKORA THARAKAN : സർ, ഈ ഖണ്ഡനോപക്ഷേപത്തിലുള്ള തത്പരത്തോട് ഞാൻ യോജിക്കുന്നു. സമർത്ഥനും സത്യസന്ധനുമായ ഒരു താസീൽദാർ ഉള്ള പ്രദേശത്തിലെ പാവപ്പെട്ടകാരന്മാരുടെ അഴിമതികാര്യത്തിൽ വളരെ കുറവുണ്ട്. അഴിമതികാര്യം കാണിക്കുന്ന പ്രവർത്തികാരന്മാർ അവർക്കു കിട്ടുന്നതിന്റെ ഒരംശം താസീൽദാർക്കും കൊടുക്കണമെന്നുള്ള സ്ഥലത്തു് അഴിമതികാര്യം വർദ്ധിച്ചതന്നെ വരും. അഴിമതികാര്യം ഇല്ലാതാകണമെങ്കിൽ കഴിയുന്നതും സമർത്ഥന്മാരും സത്യവാന്മാരും ന്യായസ്ഥന്മാരുമായുള്ള തസീൽദാരന്മാരെ നിയമിക്കണം. രണ്ടാമതായി പ്രവർത്തികാരന്മാരായി അക്കൗണ്ടന്മാരെ പ്രമോട്ടുചെയ്യുന്ന രീതി മിക്കവാറും മാറി പകുതി ഭാഗമെങ്കിലും വെളിയിൽനിന്നും വിദ്യാഭ്യാസമുള്ളവരെ പ്രവർത്തികാരന്മാരായി നിയമിക്കണം. അക്കൗണ്ടന്മാരായിരുന്നു് കൈക്കൂലി വാങ്ങിച്ചു് ശീലമുള്ളവർ പ്രവർത്തികാരന്മാരായി നിയമിക്കപ്പെടുന്നതിനെക്കാൾ കൈക്കൂലി വാങ്ങുന്ന വിധങ്ങൾ യാതൊന്നും കണ്ടു് അറിയാത്തവർ ആ സ്ഥാനങ്ങളിൽ നിയമിതരായാൽ കൈക്കൂലിക്കു് ഒരു ശമനമുണ്ടാകാതിരിക്കുകയില്ല. ഇതിൽനിന്നും ഇന്നിരിക്കുന്ന പ്രവർത്തികാരന്മാരിലും അക്കൗണ്ടന്മാരിലും യോഗ്യന്മാരില്ലെന്നർത്ഥമാകുന്നില്ല. എന്റെ സ്നേഹിതൻ മി. ടി. കെ. വേലുപ്പിള്ള പറഞ്ഞതുപോലെ പ്രവർത്തികാരന്മാരുടെ എണ്ണത്തിൽ കുറവുചെയ്തു് അവർക്കു സ്റ്റാറാസും ശമ്പളവും കൂട്ടിക്കൊടുക്കണം. അവർക്കുള്ള ജോലിയെ അപേക്ഷിച്ചു് അവരുടെ ശമ്പളം തുച്ഛമാണു്.

MR. P. S. MUHAMED : എത്ര ശുപാവരെ ശമ്പളം കൂട്ടിക്കൊടുത്താൽ അവർ കൈക്കൂലി വാങ്ങാതിരിക്കും.

MR. K. P. KOCHUKORATHARAKAN : കൈക്കൂലി വാങ്ങുന്നതു് ശമ്പളക്കുടുതലിനെ മാത്രം ആശ്രയിച്ചല്ല ഇരിക്കുന്നതു്. കുറച്ചുകൂടി ഉയർന്ന ശമ്പളക്കാരാണെങ്കിൽ അവർ സാധാരണ ചീത്തയാകാൻ ഉത്സാഹമുള്ളവരായി കാണുകയില്ല. സാധാരണ നിലയിൽ കാണുന്നതു ഡീസന്റായ ശമ്പളം കൊടുത്താൽ അധികം ചീത്തയാകാൻ ഇടയില്ലെന്നാണു്. പുറംപോക്കു ഏർപ്പാടുകളാണു് പകുതിഉദ്യോഗസ്ഥന്മാരെ കൈക്കൂലിക്കാരാക്കുന്നതു്. തിരുവിതാംകൂറിലെ സർവെഅളവുകാര്യം ഇൻഡ്യൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukoratharakan]

റെബ്ബർപോലെ ഇഷ്ടാനുസരണം വലിച്ചുനീട്ടുകയോ കുറുക്കുകയോ ചെയ്യാവുന്ന രീതിയിലാണു കാണുന്നതു. ഒരു സ്ഥലം അക്കൗണ്ടൻറ് അളന്ന് കല്ലിട്ടാൽ. അതു പിന്നീടു പ്രവർത്തികാർ അളക്കുകയാണെങ്കിൽ കല്ല് മാറിയിടേണ്ടിവരും. ഒടുവിൽ താസീൽദാർ വന്ന് അളക്കുമ്പോൾ പ്രവർത്തികാരുടെ അളവും തെറ്റായിട്ടാണു കാണാറുള്ളതു്. ഇങ്ങനെ മുന്നുപേരുടെ അളവും മുന്നുതരത്തിലായിരിക്കും. സർവ്വേസൂപ്രണ്ടു വന്ന് അളന്നാൽ ആ അളവു് ഈ മുന്നിൽനിന്നും വ്യത്യാസമായിരിക്കാനേ തരമുള്ളൂ. അതിർത്തി നിർണ്ണയിക്കുന്ന കാര്യം ഈ ഉദ്യോഗസ്ഥന്മാരുടെ കൈയ്യിലാണിരിക്കുന്നതു്. അതിനു് ഒരു വ്യത്യാസം വരുത്തണം. പ്രവർത്തികാരന്മാരെ കൈക്കൂലി വാങ്ങാൻ സഹായിക്കുന്നതിനുള്ള പ്രധാനമായുള്ള ഒരു സംഗതി പുറംപോക്കു അളവാണു്. അതിനെ ഭയപ്പെടാതിരിക്കുവാൻ തിരുവിതാംകൂറിലെ സാമാന്യപൗരന്മാർക്കു സാധ്യമല്ല. കോട്ടയം ഡിവിഷനിലെ പേഷ്ക്കാരുടെയും അവിടത്തെ ഏതാനും ചില താസീൽദാരന്മാരുടേയും ഉത്സാഹിതമായ പ്രവർത്തനങ്ങൾ നിമിത്തം അവിടത്തെ പ്രവർത്തികാരന്മാരുടെയും അക്കൗണ്ടന്മാരുടെയും അഴിമതി കൊണ്ടു സാരമായ കേടു വന്നിട്ടുണ്ടെന്നുള്ള സംഗതി ഞാൻ ഈ അവസരത്തിൽ സന്തോഷത്തോടുകൂടി പ്രസ്താവിക്കാൻ ആഗ്രഹിക്കുന്നു.

PRESIDENT : The House will now adjourn to meet again at 2 o' clock.

The House adjourned at 1 and reassembled at 2 o' clock with the Dewan-President in the Chair.

MR. K. P. KOCHUKORATHARAKAN : സർ, പ്രകൃതി ഉദ്യോഗസ്ഥന്മാരായ പ്രവർത്തികാരന്മാരും അക്കൌണ്ടൻറന്മാരും കാണിക്കുന്ന വീഴ്ചകൾക്ക് അവരുടെ ചെവിക്കു പിടിക്കേണ്ടതു് അത്യാവശ്യം തന്നെ. എന്നാൽ താസീൽദാരന്മാരും മറ്റു മേലുദ്യോഗസ്ഥന്മാരും വേണ്ടവിധത്തിൽ പ്രവർത്തിക്കുന്ന പക്ഷം കീഴ് ഉദ്യോഗസ്ഥന്മാർ ഇപ്രകാരമുള്ള വീഴ്ചകൾക്ക് ഇടവരുത്താതെ പ്രത്യേകം സൂക്ഷിക്കുകതന്നെ ചെയ്യും. ജനങ്ങൾ കൊടുക്കുന്ന പണം ട്രഷറികളിൽ അടയ്ക്കാതെ അപഹരിക്കുന്ന കൊള്ളക്കാരെ ഡിപ്പാർട്ടുമെൻറിൽനിന്നു് പിരിച്ചുവിടുകതന്നെ വേണം. പരീക്ഷായോഗ്യതയുള്ള ചെറുപ്പക്കാരായി തന്നേടമുള്ളവരായി കാഴ്ചക്കാരെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ളവരായി ധാരാളം അപേക്ഷകന്മാർ ഉള്ളിടത്തോളംകാലം ജോലിക്ക് ആളുകിട്ടുമോ എന്ന സംശയിക്കേണ്ട ആവശ്യമില്ല. ആയതിനാൽ കള്ള ന്മാരേയും കൊള്ളക്കാരേയും മറ്റ മിന്നിട്ടുപോലും ഡിപ്പാർട്ടുമെന്റിൽ വച്ചുകൊണ്ടിരിക്കുവാൻ പാടില്ല. ഗവണ്മെൻറ ഈ കാര്യത്തിൽ നി ഷ്കർഷയായി പ്രവർത്തിക്കുകതന്നെ വേണം. റവന്യൂഡിപ്പാർട്ടുമെൻറി ലെ പാവ്ത്യകാരന്മാരെ മാത്രമല്ല, ഏതു ഡിപ്പാർട്ടുമെൻറിലുള്ളവരായാ ലും ഇപ്രകാരമുള്ള അഴിമതി കാണിക്കുന്നവരുടെമേൽ വേണ്ട നടപടി നടത്തുകതന്നെ വേണമെന്ന് അപേക്ഷിച്ചുകൊണ്ട് ഈ ഉപക്ഷേപ ത്തെ ഞാൻ ഹാർദ്ദവമായി പിൻതാങ്ങിക്കൊള്ളുന്നു.

MR. N. NARAYANA KURUP: സർ, മറ്റ പകുതിയിലെ ഉദ്യോഗസ്ഥന്മാ രായ പാവ്ത്യകാരന്മാർ, പിള്ളമാർ, മാസപ്പടിക്കാർ ഇവരുടെ കൈക്കൂ ലിയെപ്പറ്റി പ്രതിപാദിക്കുന്ന ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കു ന്നു. ഇവരുടെ കൈക്കൂലി, പണാപഹരണം, വഞ്ചന ഈ കാര്യങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള പ്രസംഗപരമ്പരകൾ ഇവിടെ നടക്കുകയു ണ്ടായി. മാനവലോകത്തിന്റെ മനഃസ്ഥിതി മാറുന്നതുവരെ അതായ തു കരം കൊടുക്കണം, യാതൊരു കാരണവശാലും അന്യന്റെ വസ്തു അപഹരിക്കുകയില്ല, എന്നുള്ള മനഃസ്ഥിതി ഉണ്ടാകുന്നതുവരെ ഇമ്മാതി രിയുള്ള പരാതികൾക്ക് ധാരാളം കാരണവും സമയവും ഉണ്ടായിക്കൊ ണ്ടുതന്നെയിരിക്കും. ഇമ്മാതിരിയുള്ള താഴ്ന്ന ശമ്പളക്കാർക്ക് ഈ പ റഞ്ഞതുപോലെയുള്ള കൈക്കൂലി വാങ്ങുന്നതിന് അവസരങ്ങൾ ഉണ്ടോ എന്ന ചിന്തിക്കണം. പണാപഹരണക്കാരുണ്ടെങ്കിൽ ഗവണ്മെൻറ് അവരെ ശിക്ഷിച്ച് ജയിലിൽ അയച്ചിട്ടുണ്ട്. പിന്നെ ഈ സാധുക്കൾ കൈക്കൂലി വാങ്ങിക്കുന്നതു എപ്പോഴാണെന്ന ആലോചിച്ചുനോക്കിയാൽ ചങ്ങലയുമായി ചെല്ലുമ്പോഴാണെന്നാണ് ഉപക്ഷേപകൻ പറയുന്നതു്. കരുവന്റെ വസ്തു അളക്കാനായി ചെല്ലുന്ന ഉദ്യോഗസ്ഥന് കൈക്കൂലി വാങ്ങിക്കണമെങ്കിൽ അന്യന്റെ വസ്തുവിൽ ഒരംശംകൂടി കിട്ടണമെന്ന മോഹത്തിൽ വസ്തുഉടമസ്ഥൻ അടുക്കുമ്പോഴാണ്. ആ മോഹമില്ലെ ങ്കിൽ, ഏതു ചങ്ങലക്കാരനേയും ഭയപ്പെടേണ്ടയാവശ്യമില്ല. കൈക്കൂ ലി വാങ്ങിച്ചു് അളവു തെറ്റിച്ചാൽ അതു പരിശോധിക്കുന്നതിനായി വലിയ ചങ്ങലയുള്ള തഹശീൽദാരന്മാരും പേഷ്കാരന്മാരും ഡാൻഡ്റ വന്യക്കമ്മിഷണരും മറ്റുമുണ്ട്. അവരുടെ വലിയ ചങ്ങലകളെ പേ ടിയിലെ ഉദ്യോഗസ്ഥന്മാർക്ക് ഭയപ്പെടേണ്ടിയിരിക്കുന്നു. പിന്നെ കൈ ക്കൂലി വാങ്ങാനുള്ള അവസരം ഗവണ്മെൻറുവക ഭൂമി വിൽക്കുമ്പോഴോ

LIBRARY ARCHIVES Kerala Legislative Assembly

[Mr N. Narayana Kurup.]

ഏതെങ്കിലും ഭൂമി പൊന്നുംവിലയ്ക്കു എടുക്കുമ്പോഴോ അതാണ്. ഇങ്ങനെയുള്ള അവസരത്തിൽ ഫ ൦ ൦ രൂപയ്ക്കുള്ള ഒരു വസ്തുവിന് ഫ ൦ ൦ ൦ രൂപാ വാങ്ങിക്കൊടുക്കാമെന്ന് ഒരു പാവത്യകാരൻ പറഞ്ഞാൽ അപ്രകാരം കിട്ടുമെന്നു കരുതുന്ന ഒരു നികൃതിദായകൻ ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. പാവ്ത്യകാരൻ ഒരു വസ്തുവിന് വില നിശ്ചയിച്ചാൽ അതിനെ തഹശീൽദാർ പരിശോധിക്കണം, ഡിവിഷൻഅസിസ്റ്റൻറ് പരിശോധിക്കണം, പേഷ്കാർ പരിശോധിക്കണം. ഇതെല്ലാം പരിശോധനകഴിഞ്ഞാണ് വില ക്ലിപ്തപ്പെടുത്തുന്നത്. ആ നിലയ്ക്ക് പാവ്ത്യകാർക്ക് എന്തു ചെയ്യാൻ കഴിയും. പാർവത്യകാർ വിലവയ്ക്കുന്നതിന് ഒരു റിപ്പോർട്ടുമാത്രമേയുണ്ടാക്കുന്നുള്ളൂ. ആ വില, മേലുദ്യോഗസ്ഥന്മാർ പടിക്കുപടി ശരിവയ്ക്കുകയും, എന്നാൽ അതു പിശകാണെന്നും ഗവർമ്മെൻറിനു തോന്നുകയും ചെയ്താൽ പാർവത്യകാർമുതൽ പേഷ്കാർ വരെയുള്ള ഉദ്യോഗസ്ഥന്മാർ ഒരു കമ്പനിയായി പ്രവർത്തിച്ചെന്നു വിചാരിക്കാനല്ലാതെ, ഏറ്റവും താഴ്ന്നവിലയുടെ മഹസ്സറുകാരനെമാത്രം പഴിക്കുന്നതു സാഹസമാണ്. പക്ഷേ, പടക്കുതിരകളെ അടിച്ചാൽ, അടിക്കുന്നവനെ ചവുട്ടുകയും തൊഴിക്കയും കടിക്കയും ചെയ്യും. ആ ചവിട്ടുകൊണ്ടു ദേഷ്യപ്പെട്ട്, സ്വാതന്ത്ര്യമില്ലാത്ത ഞൊണ്ടിക്കുതിരയെ പടപടാ എന്നടിക്കുന്ന നയമാണ് ഈ പ്രമേയത്തിൽ കാണുന്നത്. അതുകൊണ്ട് ഞാൻ പറയുന്നത് ഈ സാധുക്കളുടെ മേൽ കുതിരകയറാനുള്ള മനഃസ്ഥിതി സാഹസമാണെന്നാണ്. താഴ്ന്ന ശമ്പളക്കാർ മറ്റുള്ളവരുടെ ചവിട്ടും തൊഴിയും അടിയും ഏറുകൊണ്ട് ജീവിച്ചുകൊള്ളണമെന്നുള്ള ഒരു മനോഭാവം നികൃതിദായകന്മാർക്കോ ഉദ്യോഗസ്ഥമേധാവികൾക്കോ അൽപ്പംതന്നെ ഉണ്ടാകുവാൻപാടില്ലാത്തതാണ്. പകൃതിജീവനക്കാർ കൊള്ളക്കാരാണ്; കൈക്കൂലിക്കാരാണ് എന്ന പരാതി ഉണ്ടെങ്കിൽ ജനങ്ങൾ തഹശീൽദാരന്മാരെ അറിയിക്കണം. തഹശീൽദാരും കീഴ്ജീവനക്കാരും അക്രമം നടത്തുന്നുണ്ടെങ്കിൽ അതു പേഷ്കാരെ അറിയിക്കണം. ഇപ്രകാരം ആയാൽ അതിനുവേണ്ട പരിഹാരം ഉണ്ടാവുകതന്നെ ചെയ്യും. ഇതിനെല്ലാത്തിനും പുറമെ കൈക്കൂലി ഉണ്ടെന്നുകണ്ടാൽ, കൈക്കൂലി വാങ്ങുന്ന എന്തു ബോല്യംവന്നാൽ അവരെ ശരിയായി ശിക്ഷിക്കുകയോ, ഡിപ്പാർട്ടുമെൻറിൽനിന്നും ബഹിഷ്കരിക്കുകയോ ചെയ്യേണ്ടതാണ്. ഞാൻ ഇതെല്ലാം പറയുന്നതുകൊണ്ട് കൈക്കൂലിക്കാരെ പ്രോത്സാഹിപ്പിക്കുകയാണെന്നു അർത്ഥമാക്കരുത്. ഇതു നിസ്സാരമായ കാര്യത്തിൽ ഇത്ര പ്രാധാന്യമായ ഒരു വാദപ്രതിവാദത്തി

LIBRARY ARCHIVES Kerala Legislative Assembly

ന് യാതൊരു കാരണവും കാണുന്നില്ല. കൈക്കൂലിക്കാരുണ്ടെങ്കിൽ അവരെ ശിക്ഷിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി, എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

MR. M. RAMIAHA PILLAI (*Chirayinkil cum Nedumangad*): സർ, ഈ ഉപക്ഷേപത്തെ ഞാൻ ആദ്യന്തം പിൻതാങ്ങുന്നു. പ്രകൃതിക്ഷോഭങ്ങളിലുള്ള ചിലചില്ലറ കുഴപ്പങ്ങളേയും തോന്ന്യാസങ്ങളേയും കുറിച്ച ചില സംഗതികൾ പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പണ്ടേകാലങ്ങളിൽ പാർവത്യകാരന്മാരായി നിയമിക്കുന്നത് ഓരോ പ്രകൃതിയിലുമുള്ള പൗരപ്രമാണികളേയുംനല്ല കുടുംബക്കാരെയും ആയിരുന്നു. അവർക്ക് അവരുടെ അയൽവാസികളെ നല്ലനിലയിൽ കൊണ്ടുവരണമെന്നല്ലാതെ അവരെ ഏതെങ്കിലും പ്രകാരത്തിൽ ഉപദ്രവിക്കണമെന്നോ നഷ്ടപ്പെടുത്തണമെന്നോ ഉള്ള മനഃസ്ഥിതി ഉണ്ടായിരുന്നില്ല. അതിനാൽ അക്കാലങ്ങളിൽ ഓരോതാലൂക്കിലും എന്നല്ല ഓരോ പ്രകൃതിയിലും കാര്യങ്ങൾ വളരെ ഭംഗിയായി നടന്നുവന്നു. ഇന്നാണെങ്കിൽ പറയുന്നുള്ളൂരാളെയാണ് നെടുമങ്ങാട്ടോ, നെയ്യാറിൻകരയൊ പാർവത്യകാരായി നിയമിക്കുന്നത്. അവർക്ക് അല്പശമ്പളമെയുള്ളൂ. ഈ പതിന്നാലൊ പതിനെട്ടോ രൂപാ കൊണ്ട് അന്യസ്ഥലത്ത് അവർ ഒരു കുടുംബമായിക്കഴിഞ്ഞുകൂടുന്നതെങ്ങനെയാണ്. അവശ്യം കൂടുന്നതോടുകൂടി അവർകൈക്കൂലിക്കുവശം വരുകയും ചെയ്യുന്നു. ഇന്ന് പാർവ്വത്യകാരന്മാരുടെ നില നോക്കുകയാണെങ്കിൽ ഒരു പ്രകൃതിയിൽ ഒരു തഹശീൽദാരെക്കാൾ ഒരുപടി ഉയർന്നാണ് കാണുന്നത്. ജോലിനടത്തിപ്പിനുവേണ്ടി ചിലകാര്യങ്ങളിൽ തഹശീൽദാരന്മാർക്ക് പാർവത്യകാരന്മാരോട് യോജിക്കാതെ തരമില്ല. ഡിമാൻഡ് നോട്ടീസ് അയയ്ക്കുന്ന കാര്യം പറയുകയാണെങ്കിൽ ഒരുകെട്ട് ഡിമാൻഡ് നോട്ടീസ് തഹശീൽദാർ തീയതി വയ്ക്കാതെ ഒപ്പിട്ട് പാർവത്യകാരുടെ കയ്യിൽ ഏൽപ്പിക്കുന്നു. അവർ ആളെ ഉടമസ്ഥനെ കണ്ടുപിടിച്ച് കൊടുക്കുന്നതിനു മടിച്ച രഹസ്യമായി നടത്തി വസ്തു ലേലത്തിൽ കൊണ്ടുവരാൻ ഇടയാക്കുന്നു. ഇതു മനഃപൂർവമായിട്ടും അല്ലാതെയും വരാം.

MR. N. NARAYANA KURUP: ഇപ്രകാരം ചെയ്യുന്നത് തഹശീൽദാരുണോ പാർവ്വത്യകാരാണോ എന്നറിഞ്ഞാൽകൊള്ളാം.

MR. M. RAMIAHA PILLAI: പാർവത്യകാരന്മാരായിരിക്കാം. സർ, വസ്തു ലേലത്തിൽ വരുമ്പോഴാണ് പട്ടയക്കാരൻ ഇതു അറിയുന്നത്,

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. Ramiaha Pillai]

